മിസ്റ്റർ കെ. കുഞ്ഞുരാമമേനോൻ.— ഈ സംഗതി ആലോചിക്കാമോ?

മിസ്റ്റർ എം. പി. ചെറിയാൻ.— ആലോചിക്കുന്നതിനു വിരോധമില്ല.

Hostel for Depressed Class girl students.

247. മിസ്റ്റർ വി. എസ്സ്. കൃഷ്ണൻ വൈദ്യർ.— താഴെ പറയുന്ന ചോദ്യത്തിനു ഗവൺമെണ്ടു് ദയവായി മറുപടി പറയുമോ.

അധഃകൃത വിദ്യാർത്ഥി ബാലികമാർക്കു താമസിച്ചു പഠിയ്ക്കുവാൻ ഒരു ഹോസ്റ്റൽ തുറക്കുവാൻ ഗവൺമെണ്ടിനു ദയവുണ്ടാകുമോ?

മിസ്റ്റർ എം. പി. ചെറിയാൻ.— ഹോസ്റ്റലിൽ താമസിക്കുവാൻ അധഃകൃത ബാലികമാർക്കു സമ്മതമുള്ള പക്ഷം അവർക്കുവേണ്ടി ഒരു ഹോസ്റ്റൽ തുറക്കുവാൻ ആലോചിക്കുന്നതാണു്.

മിസ്റ്റർ ടി. എ. രാമചന്ദ്രയ്യർ.— എവിടെയാണു് ഇതു സ്ഥാപിക്കുവാൻ ആലോചിച്ചിട്ടുള്ളതു്?

മിസ്റ്റർ എം. പി. ചെറിയാൻ.— ഹോസ്റ്റൽ സ്കൂളിനോടുത്തുതന്നെയായിരിക്കും.

മിസ്റ്റർ ടി. എ. രാമചന്ദ്രയ്യർ.— എത്ര അധഃകൃത ബാലിക വിദ്യാർത്ഥികളുണ്ടെന്നു പറയാമോ?

മിസ്റ്റർ എം. പി. ചെറിയാൻ.— നോട്ടീസ്സു വേണം

മിസ്റ്റർ കെ. എം. കുഞ്ഞുമൊയ്തീൻ.— ഹോസ്റ്റൽ തുറക്കുവാൻ സമ്മതമാണോ?

മിസ്റ്റർ എം. പി. ചെറിയാൻ.— ആലോചിക്കാമെന്നു പറയുന്നതിൽ പെട്ടതാണു് ഇതു്.

മിസ്റ്റർ ടി. എ. രാമചന്ദ്രയ്യർ.— ഈ ഔണിന്നുള്ളിൽ ഹോസ്റ്റലിൽ താമസിക്കുന്നതിനു് എത്ര അധഃകൃത വിദ്യാർത്ഥികൾ ഉണ്ടു്?

മിസ്റ്റർ എം. പി. ചെറിയാൻ.— നോട്ടീസ്സു വേണം.

Building more houses in Depressed Class Colonies.

248. മിസ്റ്റർ വി. എസ്സ്. കൃഷ്ണൻ വൈദ്യർ.— ഇരിങ്ങാലക്കുട, കടപ്പുറ്റേരി, പുല്ലൂർ എന്നീ കോളനികളിൽ എത്ര പുരകൾ വീതം ഇക്കൊല്ലത്തിൽ പണിതു കൊടുക്കുവാൻ ഗവൺമെണ്ടു വിചാരിക്കുന്നുണ്ടു്;

LIBRARY ARCHIVES Kerala Legislative Assembly